# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 295 — 03/02/2020-ൽ മറുപടിയ്ക്ക്

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.എൻ.എ ഖാദർ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ബോർഡ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) നിലവിൽ കേരളത്തിലെ ആയുർവേദ ഔഷധ വിപണന കേന്ദ്രങ്ങളിൽ നിന്നും ആയുർവേദ എൻഫോഴ്സ്മെന്റ് ഓഫീസർമാർ ഇതര സംസ്ഥാനങ്ങളിലെ ഔഷധങ്ങൾ പരിശോധനയ്ക്കായി സ്റ്റാറ്റ്യൂട്ടറി സാംപ്ലിംഗ് നടത്തി തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള സർക്കാർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ നൽകുന്നു. ഇവ വിശദമായി ടെസ്റ്റ്/ അനാലിസിസ് ചെയ്യപ്പെടുകയും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ അതാത് സംസ്ഥാനത്തിലെ ഡ്രഗ്സ് കൺട്രോൾ കാര്യാലയത്തിലേയ്ക്കും മരുന്ന് നിർമ്മാണ സ്ഥാപനങ്ങളിലേയ്ക്കും തുടർ നടപടികൾക്കായി വിശദ വിവരം ധരിപ്പിക്കുകയും ചെയ്യുന്നു. സാരമായ വ്യതിയാനം കണ്ടെത്തുകയാണെങ്കിൽ വിപണിയിൽ നിന്നും മരുന്നുകൾ പിൻവലിക്കുകയും ചെയ്യുന്നു.<br>എന്നാൽ അലോപ്പതി മരുന്നുകളുടെ സാന്നിദ്ധ്യം ആയുർവേദ മരുന്നുകളിൽ കണ്ടെത്തിയാൽ അത് സ്പൂരിയസ് ഡ്രഗ്സ് എന്ന ഗണത്തിൽപെടുത്തി ശക്തമായ രീതിയിൽ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ബി) ആയുർവേദ മരുന്നുകളുടെ പേരിൽ അവയോടൊപ്പം പലവിധ രാസപദാർത്ഥങ്ങളും ലോഹങ്ങളും കലർത്തി വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ വിതരണം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ ശുദ്ധീകരണം ശരിയായ രീതിയിൽ നടത്താത്തതുകൊണ്ടും പരിസ്ഥിതി മലിനീകരണം കൊണ്ടും ആയുർവേദ മരുന്നുകളിൽ പലവിധ രാസപദാർത്ഥങ്ങളും ലോഹങ്ങളും കലരുന്നുണ്ട്. ഇത്തരത്തിനുള്ള ഔഷധ നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികളും ഗുരുതരമായ ഗുണനിലവാര |

വ്യതിയാനം വരുത്തുന്നവർക്കെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമ നടപടികളും സ്വീകരിക്കാറുണ്ട്.

| | |
|---|---|
| സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കർശന പരിശോധനകൾ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്കുവേണ്ടി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാര നിർണ്ണയത്തിനായി അതാത് മേഖലയിൽ ചുമതലയുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിലുള്ള ഔഷധ നിർമ്മാണ യൂണിറ്റുകളിൽ നിന്നും വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ നിശ്ചിത തോതിൽ ശേഖരിച്ച് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും അയയ്ക്കുന്നു. എല്ലാ ഔഷധ നിർമ്മാതാക്കളും (സ്വന്തം ലബോറട്ടറി ഏർപ്പെടുത്താത്തവർ മറ്റ് സ്വകാര്യ ആയുഷ് അംഗീകൃത ലബോറട്ടറിയിലും) വിശദമായ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി എന്ന് ബോധ്യപ്പെട്ട ശേഷമാണ് ഔഷധങ്ങൾ വിൽപ്പനയ്ക്ക് നൽകുന്നത്. ഈ കാര്യങ്ങൾ എല്ലാം തന്നെ സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിലയിരുത്താറുണ്ട്.<br>ഇപ്രകാരം ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടുകളിൽ ഗുണനിലവാരം ഉറപ്പാക്കാത്ത ഔഷധ നിർമ്മാതാക്കൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945 പ്രകാരം നിയമ നടപടിയും വകുപ്പുതല നടപടികളും സ്വീകരിക്കാറുണ്ട്.<br>കൂടാതെ പൊതുജനങ്ങൾക്കും നിർമ്മാതാക്കൾക്കും ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പരിശോധന നടത്തുന്നതിലേയ്ക്ക് ഏഴ് (7) ആയുഷ് അപ്രൂവ്ഡ് ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ